LIBRARY ARCHIVES Kerala Legislative Assembly

ശ്രീജിത്തിന് ചികിത്സാ ധനസഹായം

283 (948) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിലെ മണ്ണാരക്കൽ ശ്രീജിത്ത് എന്നയാൾ ചികിത്സാ ധനസഹായത്തിന് അപേക്ഷ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ എത്ര രൂപയുടെ ധനസഹായം അനുവദിച്ചെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചികിത്സാ ധനസഹായമായി 50,000 രൂപ അനുവദിച്ചിട്ടുണ്ട്.

സ്വയംപര്യാപ്ത ഗ്രാമങ്ങൾ

284 (949) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി -പിന്നോക്ക വകുപ്പിൻ കീഴിൽ കാസർഗോഡ് നിയോജക മണ്ഡലത്തിൽ എത്ര സ്വയംപര്യാപ്ത ഗ്രാമങ്ങൾ ഏറ്റെടുത്തിട്ടുണ്ട് ; അവ ഏതെല്ലാമാണ് ; പ്രസ്തുത ഗ്രാമത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകാമോ ;

(ബി) പ്രവൃത്തിയുടെ കരാർ ആർക്ക് എന്ന് മുതൽക്ക് നൽകി ; കരാർ കാലാവധി എത്രയാണ് ; പണി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പുരോഗതി അറിയിക്കുമോ ; എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒന്ന്: അമെയ് കോളനിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു :

ഭവന പുനരുദ്ധാരണം, അംഗൻവാടിയുടെ പുനരുദ്ധാരണം, കമ്മ്യൂണിറ്റി ഹാളിന്റെ പുനരുദ്ധാരണവും ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതും, ഭജനമഠത്തിന്റെ പുനരുദ്ധാരണം, കിണർ പുനരുദ്ധാരണം (ഭജനമഠം), പുതിയ കിണർ (ഭജനമഠം),

റോഡ്, നടപ്പാത, ഡ്രെയിനേജ്, പൈപ്പ് ലൈൻ, ഇലക്ട്രിഫിക്കേഷൻ, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, വനിതകൾക്കുള്ള സ്വയം തൊഴിൽ പരിശീലനം, ഡ്രൈവിംഗ് പരിശീലനം, ട്യൂഷൻ ക്ലാസ്സ്, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്, സൈക്കിൾ വിതരണം (8 -ാം ക്ലാസ്സ്) , ചൂടാറപ്പെട്ടി വിതരണം, സ്പോർട്സ് കിറ്റ് വിതരണം, കെ.എസ്.ഇ.ബി.-ക്ക് അഡീഷണൽ പോസ്റ്റിനുള്ള ഇൻസ്റ്റലേഷൻ ചാർജ് നൽകൽ.

(ബി) ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (FIT) ആലുവയ്ക്ക് ഒരു കോടി രൂപയ്ക്കാണ് കരാർ നൽകിയിട്ടുള്ളത്. കരാർ വച്ച് ആറ് മാസത്തിനകം പൂർത്തീകരിക്കേണ്ടതാണ്. ഈ സാമ്പത്തിക വർഷംതന്നെ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

285 (950) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാസമ്പന്നരായ പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് നെറ്റ്, സെറ്റ് , മാറ്റ് തുടങ്ങിയ പരീക്ഷകൾ എഴുതുന്നതിനും മറ്റുമായി ഏർപ്പെടുത്തിയിട്ടുള്ള എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം നടപ്പാക്കുന്നതിനായി 2013-14-ലും 2014-15- ലും പദ്ധതി വിഹിതമായി ബഡ്ജറ്റിൽ എത്ര തുക നീക്കി വച്ചിരുന്നു ; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ?

ഉത്തരം

1. 2013-14 വർഷത്തെ പദ്ധതി വിഹിതം : 5,00,00,000 രൂപ (അഞ്ച് കോടി രൂപ), ചെലവഴിച്ച തുക : 4,59,34,332 രൂപ (നാല് കോടി അമ്പത്തിയൊമ്പത് ലക്ഷത്തി മുപ്പത്തിനാലായിരത്തി മൂന്നൂറ്റി മുപ്പത്തിരണ്ട് രൂപ)

2. 2014-15 വർഷത്തെ പദ്ധതി വിഹിതം : 3,80,00,000 രൂപ (മൂന്ന് കോടി എൺപത് ലക്ഷം രൂപ). പ്രസ്തുത തുക ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തിരിക്കുന്നു. ഈ തുക ഉടനെ ചെലവാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly